## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1326      04.12.2014 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകളിലെ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾക്ക് എത്ര തവണ വില വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 01.08.2012 ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർ നിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പന ശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നു പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന പല ഉൽപ്പന്നങ്ങൾക്കും പൊതുവിപണിയിലേക്കാൾ വില വർദ്ധന ഉള്ളതായ വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ഏതെന്ന് വ്യക്തമാക്കുമോ ? | (സി) സപ്ലൈകോ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. സപ്ലൈകോ ഇ-ടെൻഡർ വഴി വാങ്ങുന്ന ഭക്ഷ്യ വസ്തുക്കളുടെ നോൺ സബ്സിഡി വില്പന വില നിശ്ചയിക്കുന്നത്, വാങ്ങൽ വിലയോടൊപ്പം കടത്തുകൂലി, കൈകാര്യകുറവ് ഇവ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള |

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി ശരാശരി 5 ശതമാനം മാർജിൻ എന്നിവ ചേർത്താണ്.

MRP, വാങ്ങൽ വില എന്നിവയെ അടിസ്ഥാനമാക്കി, MRP യിൽ നിന്നും താഴ്ന്ന വിലയ്ക്കാണ് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന FMCG ഉൽപ്പന്നങ്ങളുടെ വിൽപ്പന വില നിശ്ചയിക്കുന്നത്. ശബരി ഉൽപ്പന്നങ്ങളുടെ വാങ്ങൽ വിലയുടെ കൂടെ നികുതികൾ, കൈകാര്യ ചെലവുകൾ, സ്റ്റാഫ് ഇൻസെന്റീവ് എന്നിവ ചേർത്ത് വളരെ ചെറിയ മാർജിൻ എടുത്താണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഇത് വിപണിയിലുള്ള മറ്റ് സമാന ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിലയേക്കാൾ കഴിയുന്നത്ര കുറവായിരിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്.

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഇനം | 6-7-2012 (1-8) ന് മുമ്പ് നിലവിലുണ്ടായിരുന്ന സബ്സിഡി വില | 6-7-2012 (1-8) ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില | 1-8-2013 മുതൽ പുതുക്കിയ സബ്സിഡി വില | 24-8-2014 മുതൽ പുതുക്കിയ സബ്സിഡി വില | 6-11-2014 മുതൽ പുതുക്കിയ സബ്സിഡി വില | 1-12-2014 മുതൽ പുതുക്കിയ നിലവിലെ സബ്സിഡി വില |
|---|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49 | 55 | 55 | 77 | 74 |
| 2 | ഉഴുന്ന് ബോൾ | 36 | 36 | 42 | 42 | 76 | 66 |
| 3 | വൻകടല | 44 | 44 | 45 | 45 | 45 | 43 |
| 4 | വൻപയർ | 26.50 | 26.50 | 35 | 35 | 49 | 45 |
| 5 | തുവരപരിപ്പ് | 34 | 34 | 45 | 45 | 67 | 65 |
| 6 | മുളക് | 45 | 45 | 55 | 75 | 75 | 75 |
| 7 | മല്ലി | 45.90 | 45.90 | 60 | 60 | 112 | 112 |
| 8 | പഞ്ചസാര | 25 | 25 | 26 | 26 | 27.50 | 25 |
| 9 | പച്ചരി | 16 | 16 | 21 | 23 | 23 | 23 |
| 10 | കുറുവ അരി | – | 19 | 21 | 25 | 25 | 25 |
| 11 | മട്ട അരി | 16 | 16 | 21 | 25 | 25 | 25 |
| 12 | ജയ അരി | – | 21 | 21 | 25 | 25 | 25 |
| 13 | വെളിച്ചെണ്ണ | – | 62 | 62 | 125 | 151 | 139 |

Beena

സെക്ഷൻ ഓഫീസർ